Uncorrected/Not for publication
16-09-2025

**നിയമനിർമ്മാണകാര്യം:**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ

(ii) 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2024-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

Uncorrected/Not for publication
16-09-2025

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ ചെറിയ ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ളത്. സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യമായ ഹോർട്ടി വൈൻ ഉൽപാദിപ്പിക്കുന്നതിനും വിൽപന നടത്തുന്നതിനും സർക്കാർ അനുമതി നൽകിയത്, 2022 ഒക്ടോബർ 5-ാം തീയതിയിലെ നികുതി ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചതും 2023 നവംബർ 3-ാം തീയതിയിലെ 3745-ാംനമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരവുമാണ്. അതനുസരിച്ച് ധാന്യങ്ങളൊഴികെ സംസ്ഥാനത്ത് ലഭ്യമായ കാർഷികോൽപ്പന്നങ്ങളിൽനിന്നും ഹോർട്ടി വൈൻ ഉൽപ്പാദിപ്പിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. 2023-ലെ ബജറ്റ് പ്രസംഗത്തിലെ 547-ാമത് ഖണ്ഡികയിൽ കർഷകർക്ക് വളരെയേറെ പ്രയോജനപ്പെടുന്നതിനായി കേരളത്തിലെ ധാന്യങ്ങളൊഴികെയുള്ള കാർഷിക ഉൽപന്നങ്ങളിൽനിന്നും ഉൽപാദിപ്പിക്കുന്ന ഹോർട്ടി വൈനിനും ഇന്ത്യൻ നിർമ്മിത വൈനിന്റെ അതേ നികുതി ഘടന ബാധകമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. കാർഷിക മേഖലയിൽ വാല്യൂ ആഡഡ്

Uncorrected/Not for publication
16-09-2025

ഉൽപന്നങ്ങളുണ്ടാകുന്നത് കൃഷിക്കാർക്ക് സഹായകരമാകുമെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഹോർട്ടി വൈനിന്റെ കാര്യം അന്ന് ബജറ്റിൽ പറഞ്ഞത്. അതിന്റെ തുടർച്ചയായ കാര്യങ്ങളാണ് ഈ ബില്ലിലൂടെ വരുന്നത്. വിദേശമദ്യ വിൽപന നികുതി നിയമമനുസരിച്ച്, 1963-ലെ കേരള പൊതുവിൽപന നികുതി ആക്റ്റിന്റെ ഭാഗമായാണ് ഇതിന്റെ നികുതിയും വരേണ്ടത്. ഇന്ത്യൻ നിർമ്മിത വൈനുകൾക്ക് തുല്യമായി എന്നുപറയുമ്പോൾ ആ റേറ്റും, ആക്റ്റിനകത്ത് ഹോർട്ടി വൈൻ എന്ന ഒരുഭാഗംകൂടി ഇൻസേർഷൻ ചെയ്യണം. റേറ്റിനെക്കാളുപരി ഇന്ത്യൻ നിർമ്മിത വൈനുകളുടെകൂടെ 'ഹോർട്ടി വൈൻ' കൂടി ചേർക്കണം. ഹോർട്ടി വൈൻ എന്താണെന്നുള്ള ഡെഫനിഷൻ വേണം. ഹോർട്ടി വൈൻ എന്നുപറഞ്ഞാൽ ധാന്യങ്ങളൊഴികെയുള്ള കാർഷികോൽപന്നങ്ങളിൽനിന്നും ഉണ്ടാക്കുന്ന വൈനാണ്. ഹോർട്ടി വൈൻ വന്നുകഴിഞ്ഞാൽ കാർഷികോൽപന്നങ്ങൾക്ക് ഉപയോഗം കൂടുകയും വില ലഭിക്കുകയും ചെയ്യുമെന്നാണ് കാഴ്ചപ്പാട്. അത് ചേർക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമത്തിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള ഈ ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

Uncorrected/Not for publication
16-09-2025

ശ്രീ. മുരളി പെരുനെല്ലി: സർ, 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

25-10-2022-ലെ ജി.ഒ.(പി.)നം. 136/2022/നികുതി പ്രകാരം പുറപ്പെടുവിച്ചതും 03-11-2023-ലെ കേരള ഗസറ്റ് (അസാധാരണം)നം. 3745-ൽ പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം ധാന്യങ്ങൾ ഒഴികെ സംസ്ഥാനത്ത് ലഭ്യമായ കാർഷികോൽപന്നങ്ങളിൽനിന്ന് ഹോർട്ടി വൈൻ ഉൽപാദിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിരുന്നു. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക നമ്പർ 547-ൽ സംസ്ഥാനത്തെ കർഷകരെ സഹായിക്കുന്നതിനായി ഇന്ത്യൻ നിർമ്മിത വൈനിന്റെ നിലവിലുള്ള നികുതി ഘടന ഹോർട്ടി വൈനിന് ബാധകമാകുമെന്ന് പ്രഖ്യാപിച്ചു. വിദേശ മദ്യത്തിനുള്ള വില്പന നികുതി 1963-ലെ കേരള പൊതുവില്പന നികുതി ആക്ട് പ്രകാരമാണ് ചുമത്തപ്പെടുന്നത്. ഇന്ത്യൻ നിർമ്മിത വൈനിന്റെ വില്പന നികുതിക്ക് തുല്യമായി ഹോർട്ടി വൈനിന്റെ വില്പന നികുതി നിശ്ചയിക്കാനും 1963-ലെ

കേരള പൊതുവില്പന നികുതി ആക്ടിൽ അനുയോജ്യമായ ഭേദഗതി വരുത്താനുമാണ് സർക്കാർ തീരുമാനമെടുത്തിരിക്കുന്നത്. ഈ ലക്ഷ്യം നിറവേറ്റുന്നതിനാണ് എൽ.ഡി.എഫ്. സർക്കാർ ബിൽ അവതരിപ്പിച്ചിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നാണ് നിലവിൽ കേരളത്തിൽ വൈൻ എത്തുന്നത്. മുന്തിരിയിൽ നിന്നുൽപ്പാദിപ്പിക്കുന്ന വൈനാണ് ഇപ്പോൾ കേരളത്തിൽ എത്തിക്കൊണ്ടിരിക്കുന്നത്. കശുമാങ്ങ, വാഴപ്പഴം, പൈനാപ്പിൾ, ചക്ക തുടങ്ങിയ പഴവർഗങ്ങളാൽ സമ്പന്നമായ സംസ്ഥാനമാണ് കേരളമെന്ന് നമുക്കറിയാം. പക്ഷേ ഈ പഴവർഗങ്ങളിൽ നല്ലൊരു പങ്കും നശിച്ചുപോകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അങ്ങനെ നാശം സംഭവിക്കുന്ന ഇത്തരം പഴവർഗങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഹോർട്ടി വൈൻ ഉൽപാദിപ്പിച്ചാൽ അത് കർഷകർക്ക് ഗുണകരമാണെന്നുള്ള കാര്യത്തിൽ സംശയമില്ല. കാർഷിക സർവകലാശാലയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പദ്ധതിയാണ് ഇപ്പോൾ ഇവിടെ യാഥാർത്ഥ്യമാകുന്നത്.

കേന്ദ്രം സംസ്ഥാനത്തെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുമ്പോഴും ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും ഒരു കുറവും വരുത്താതിരിക്കാൻ പിണറായി സർക്കാർ ബദ്ധശ്രദ്ധമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാടിന്റെ സമ്പദ്‌വ്യവസ്ഥയുടെ മെല്ലെപ്പോക്ക് മറികടക്കാൻ സഹായകമാകുമെന്ന് പ്രതീക്ഷിച്ച കേന്ദ്ര ഗവൺമെന്റ് ബജറ്റ് തികച്ചും നിരാശാജനകമാണെന്നുള്ള കാര്യം മനസ്സിലാക്കണം. കേരളത്തെ സാമ്പത്തികമായി വരിഞ്ഞുമുറുക്കാനാണ് കേന്ദ്ര ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പുകൾ ലക്ഷ്യമിട്ടിട്ടുള്ള പതിവ് ശൈലിതന്നെയാണ് കേന്ദ്ര ഗവൺമെന്റ് തുടർന്നുകൊണ്ടിരിക്കുന്നത്. ഫെഡറൽ ഭരണഘടനയെ നോക്കുകുത്തിയാക്കി, സംസ്ഥാനങ്ങളെ തുല്യനിലയിൽ കാണുന്ന സമീപനം സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നുള്ള അതിക്രൂരമായ നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽത്തന്നെ നിലനിർത്തണമെന്ന് വാശി കാണിക്കുന്ന കേന്ദ്ര ഗവൺമെന്റ്, കേന്ദ്രത്തിന്റെ കടമെടുപ്പ് പരിധി 4.4 ശതമാനമായിരിക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. തങ്ങൾ കടമെടുക്കുകയും അത് തോന്നിയപോലെ

ചെലവഴിക്കുകയും ചെയ്യും, നിങ്ങൾ കടമെടുക്കാൻ പാടില്ല എന്ന നിലപാട് തീർത്തും സ്വേച്ഛാധിപതികൾക്ക് മാത്രം യോജിക്കുന്നതാണ്. കേരളത്തിൽ കാർഷിക മേഖലാ വിഹിതം വൻതോതിൽ കുറയുകയാണ്. വളം സബ്സിഡി 3400 കോടി രൂപയും വിള ഇൻഷ്വറൻസ് 3600 കോടി രൂപയും പെട്രോളിയം സബ്സിഡി 2600 കോടി രൂപയും കുറച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഓരോ വർഷം കഴിയുംതോറും കുറച്ചുകൊണ്ടുവരുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിൽ ജനങ്ങളുടെ വാങ്ങൽശേഷി ഉയർത്താനുള്ള ഒരു നിർദേശവുമില്ലാത്ത ബജറ്റാണ് കേന്ദ്ര ഗവൺമെന്റ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിനുണ്ടാകുന്ന വലിയ സാമ്പത്തിക പ്രയാസങ്ങൾ മറികടക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. കേരളം കടക്കെണിയിലാണെന്ന രൂപത്തിലുള്ള ചർച്ചകളാണ് മാധ്യമങ്ങളിൽ നടക്കുന്നത്. പ്രതിപക്ഷവും അത് ഏറ്റെടുത്തിരിക്കുകയാണ്. എന്നാൽ രാജ്യത്ത് കടം ഏറ്റവും കുറച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്നാണ് കണക്കുകൾ കാണിക്കുന്നത്.

നേരത്തെ കേരളത്തിൽ കടം കൂടിക്കൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ കേരളത്തിന്റെ ആകെ കടം 4.2 ലക്ഷം കോടി രൂപ മാത്രമാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 33.9% മാത്രമാണെന്ന് നമുക്ക് കാണാൻ കഴിയും. ഇത്തരത്തിൽ കടം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ മുൻകാലങ്ങളിൽ ഓരോ അഞ്ച് വർഷം കൂടുമ്പോഴും കടം ഇരട്ടിയാകുന്ന പ്രവണതയാണ് കേരളത്തിലുണ്ടായിരുന്നത്. ആ പ്രവണതയ്ക്ക് തടയിട്ടുകൊണ്ട് കടം കുറച്ചുകൊണ്ടുവരുന്ന സമീപനമാണ് ഇപ്പോൾ കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള ഇടപെടലുകൾ ശ്രദ്ധേയമാണ്.

ദുരന്തങ്ങളുണ്ടാകുമ്പോൾ അത്തരം ദുരന്തമുഖങ്ങളിൽ സഹായമെത്തിക്കുകയെന്നുള്ളത് സ്വാഭാവികമായും ഏതൊരു മനുഷ്യന്റെയും മനുഷ്യത്വത്തിന്റെ നിലപാടാണ്. ആ ദുരന്തമുഖത്തുപോലും മോദി സർക്കാർ അതിക്രൂരമായ നിലപാടും രാഷ്ട്രീയ വിവേചനവുമാണ് കേരളത്തോട് കാണിക്കുന്നത്. 2018-ൽ നാം പ്രളയത്തിൽ മുങ്ങിയപ്പോൾ, ലഭിക്കുമായിരുന്ന വിദേശസഹായംപോലും തടയുന്ന നിലപാടാണ് കേന്ദ്ര

ഗവൺമെന്റ് സ്വീകരിച്ചത്. എന്നാൽ മഹാരാഷ്ട്രയിൽ വിദേശ ഫണ്ട് സ്വീകരിക്കാൻ കേന്ദ്രം അനുമതി നൽകി. ഇതിൽനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഇരട്ട നയമാണ് കാണാൻ കഴിയുന്നത്. ഫെഡറലിസം തകർക്കുന്ന ഇരട്ട നീതിയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിലും ഇത്തരത്തിലുള്ള സമീപനം നാം കാണുകയും ചർച്ച ചെയ്യുകയും ചെയ്തതാണ്. കേരളത്തോട് കേന്ദ്ര ഗവൺമെന്റ് കാടൻ നീതിയാണ് കാണിക്കുന്നത്. മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽനിന്ന് എത്ര തുകയാണ് സഹായമായി ലഭിച്ചതെന്ന് പ്രതിപക്ഷത്തുനിന്ന് ചോദ്യോത്തരവേളയിൽ ഒരു ചോദ്യം ഉയർന്നിരുന്നു. അത്തരത്തിൽ സഹായമൊന്നും ലഭിച്ചിട്ടില്ലെന്ന് എല്ലാവർക്കും അറിവുള്ളതാണ്. കടം മാത്രമാണ് ലഭിച്ചത്. കടമായാണ് നൽകിയത്; അത് തിരികെ നൽകണം. ഇത്രയും വലിയൊരു ദുരന്തത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സംസ്ഥാനത്തിന് സഹായങ്ങളൊന്നും ലഭിച്ചിട്ടില്ല. ദുരന്തമുഖത്ത്

പ്രവർത്തനങ്ങൾക്കായി വന്ന ഹെലികോപ്റ്ററിന്റെ വാടകപോലും തിരിച്ചുപിടിക്കുന്ന തരത്തിലുള്ള ക്രൂരതയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായത്. അതേസമയം, ഇത്തരത്തിൽ ദുരന്തങ്ങളുണ്ടായ തെലങ്കാന, ആന്ധ്രാപ്രദേശ്, ഒഡിഷ, ത്രിപുര, ബിഹാർ, ഛത്തീസ്ഗഢ്, ഹിമാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾക്കെല്ലാം കേന്ദ്ര സഹായം ലഭിച്ചു. ഇവിടെയാണ് നേരത്തെ പറഞ്ഞതുപോലെ ഇരട്ടനീതി കാണാൻ കഴിയുന്നത്. ഈ ഇരട്ടനീതി കേരളത്തോട് മാത്രമാണുള്ളത്. ഇത്തരത്തിലുള്ള ഉദാഹരണങ്ങൾ ധാരാളമുണ്ട്.

കേന്ദ്ര നികുതി വിഹിതം നൽകുന്ന കാര്യത്തിലും വലിയ തിരിച്ചടിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര നികുതിയുടെ ആകെ 18 ശതമാനം ഉത്തർപ്രദേശിന് കൊടുത്തു. ഇത് ലക്ഷക്കണക്കിന് രൂപ വരും. എന്നാൽ കേരളത്തിന് ലഭിച്ചത് 1.925 ശതമാനം മാത്രമാണ്. കേന്ദ്ര വിഹിതം സംസ്ഥാനത്തിന് നൽകുന്ന കാര്യത്തിലും കേന്ദ്ര ഗവൺമെന്റ് വിവേചനപരമായ നിലപാട് സ്വീകരിക്കുന്നുവെന്നുള്ളത് കേരളത്തോട് കാണിക്കുന്ന ക്രൂരതാണ്. എന്നിട്ടും ഈ കൊച്ചുകേരളം നീതി ആയോഗിന്റെ അടയാളപ്പെടുത്തലിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്

അത്ഭുതത്തോടുകൂടിയാണ് ജനം കാണുന്നത്. ഇത്രയും ക്രൂരമായി കേരളത്തോട് പെരുമാറുകയും അർഹതപ്പെട്ടത് കേരളത്തിന് കൊടുക്കാതിരിക്കുകയും ചെയ്തിട്ടും നീതി ആയോഗിന്റെ കണക്കുപ്രകാരം ഇന്ത്യയിലെ ഇരുപത്തിയൊൻപത് സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നുവെന്നുള്ളത് ചെറിയ കാര്യമല്ല. അത് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിലപാടിന്റെ ഭാഗമായാണെന്ന് നമുക്ക് കാണാൻ കഴിയും. കഴിഞ്ഞ ഒൻപത് വർഷമായി അധികാരത്തിലിരിക്കുന്ന സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാരിന്റെ ഇച്ഛാശക്തിയുടെ പ്രകടനമാണ് ഇതിലൂടെ കാണാൻ കഴിയുന്നത്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ മാനേജ്മെന്റും സർക്കാരിന് കരുത്ത് പകരുന്ന ഒന്നാണ്. ഇത്രമാത്രം കേരളത്തോട് ദ്രോഹം കാണിക്കുന്ന കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിലുള്ള ഇരട്ടനീതി പ്രയോഗിച്ചുകൊണ്ടിരിക്കുമ്പോഴും കേരളം തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയല്ല, കടം കുറച്ചുകൊണ്ടുവരികയാണ്, ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളും മറ്റ് സംവിധാനങ്ങളുമെല്ലാം ശക്തിപ്പെടുത്തി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് കേരളത്തോട്

കാണിക്കുന്ന ഈ ക്രൂരതയ്ക്കെതിരെ "കമാ" എന്നൊരക്ഷരം മിണ്ടാൻ ഇവിടെയൊരു പ്രതിപക്ഷമുണ്ടോ? ഇല്ല എന്നുള്ളതാണ് വാസ്തവം. അതിന് നമ്മുടെ പ്രതിപക്ഷത്തിന് കഴിയില്ല. ഒന്നും പറയാൻ അവരുടെ നാവ് പൊങ്ങില്ല. കാരണം, മുഖ്യമന്ത്രിക്കസേരയും മന്ത്രിക്കസേരകളും സ്വപ്നം കണ്ട് അവർ ഉറക്കത്തിലാണ്, ആനന്ദത്തിലാണ്. അത്തരത്തിൽ മുഖ്യമന്ത്രിക്കസേരയും മന്ത്രിക്കസേരകളും സ്വപ്നം കാണുന്നവരുടെ കൂടാരമായി പ്രതിപക്ഷം മാറിക്കഴിഞ്ഞിരിക്കുന്നു. അതെല്ലാം ദിവാസ്വപ്നമാണ്, അതൊന്നും നടക്കാൻ പോകുന്നതല്ലെന്നുള്ള കാര്യം പലപ്പോഴും ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. കിട്ടാൻപോകുന്ന കാര്യമല്ല എന്നുള്ളതുകൊണ്ട് സ്വപ്നം കാണുമ്പോൾ എപ്പോഴും പാൽപ്പായസം സ്വപ്നം കാണണം; പഴങ്കഞ്ഞി സ്വപ്നം കണ്ടിട്ട് കാര്യമില്ല.

അമേരിക്കൻ സാമ്രാജ്യാധിപതി ഡൊണാൾഡ് ട്രംപിന്റെ ഉറ്റചങ്ങാതിയാണ് ശ്രീ. നരേന്ദ്ര മോദി. അമേരിക്കൻ പ്രസിഡന്റിന്റെ തിരഞ്ഞെടുപ്പിൽ അദ്ദേഹം അവിടെപ്പോയി പ്രസംഗിച്ചു. ശ്രീ. നരേന്ദ്ര മോദിക്കുവേണ്ടി ഇവിടെ ഡൊണാൾഡ് ട്രംപും വരികയുണ്ടായി.

Uncorrected/Not for publication
16-09-2025

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് രണ്ട് ബില്ലുകൾ പരിഗണനയ്ക്കെടുക്കേണ്ടതുണ്ട്. അതോടൊപ്പം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവും ചർച്ചയ്ക്കെടുക്കേണ്ടതുണ്ട്. അതുകൊണ്ട് അങ്ങേയ്ക്ക് ഒരു മിനിറ്റ് കൂടി സംസാരിക്കാം.

ശ്രീ. മുരളി പെരുനെല്ലി: സർ, അത്തരത്തിൽ ഉറ്റചങ്ങാതിയായ അമേരിക്കയിൽനിന്ന് ഇന്ത്യയ്ക്ക് ലഭിച്ചത് അൻപത് ശതമാനം തീരുവയാണ്. എന്നാൽ അമേരിക്കയുമായി ശത്രുതയിൽ കഴിയുന്ന ചൈനയ്ക്ക് ലഭിച്ചത് മുപ്പത് ശതമാനം തീരുവയാണ്. മിത്രമായതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടായിട്ടില്ല. ഇതെല്ലാം ഏറ്റവും ഗുരുതരമായി ബാധിക്കാൻ പോകുന്നത് നമ്മുടെ കേരളത്തെയാണ്. ആസിയാൻ കരാർവഴിതന്നെ കാർഷിക വളർച്ച അട്ടിമറിക്കപ്പെട്ട സംസ്ഥാനമാണ് നമ്മുടെ കേരളം. ആ കേരളത്തിന്റെ നട്ടെല്ല് തകർക്കുന്ന നിലപാടാണ് ഈ തീരുവവഴി സംഭവിക്കുന്നത്. കേരളത്തിൽ കുരുമുളക്, ഏലം, മഞ്ഞൾ, ജാതി എന്നിവയുടെ മുപ്പത് ശതമാനം കയറ്റുമതി ചെയ്യുന്നത് അമേരിക്കയിലേയ്ക്കാണ്. അൻപത് ശതമാനം നികുതി വന്നതോടുകൂടി അവയുടെ വില കൂട്ടും. കേരളത്തിൽനിന്നുള്ള ഏകദേശം 2900 കോടി

രൂപയുടെ കയറ്റുമതിയാണ് ഡൊണാൾഡ് ട്രംപ് തടഞ്ഞിരിക്കുന്നത്. ആ മാർക്കറ്റ് പൂർണ്ണമായും തെക്ക്-കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ കൈയടക്കുമെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. മത്സ്യമേഖലയിലും കനത്ത തിരിച്ചടിയുണ്ടാകുകയാണ്. അൻപത് ശതമാനം ഉയർന്ന വില നൽകി അമേരിക്കയിൽ ആരും ചെമ്മീനും കൂന്തളുമൊന്നും വാങ്ങില്ല എന്നുള്ളത് നമുക്കറിയാം. മത്സ്യമേഖലയിലെ പത്ത് ലക്ഷം വരുന്ന ജനങ്ങളുടെ ജീവിതം നരകതുല്യമാകും എന്നുള്ള കാര്യത്തിൽ തർക്കമില്ല. കശുവണ്ടി, കയർ എന്നീ പരമ്പരാഗത വ്യവസായങ്ങളുടെ വലിയ കയറ്റുമതി മാർക്കറ്റും അമേരിക്കയാണ്. ആ മേഖലയിലും ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമാകുകയാണ്. തേയില, കാപ്പി എന്നിവയുടെ കയറ്റുമതിയിലും മുപ്പത് ശതമാനത്തോളം കേരളത്തിൽനിന്നാണ് പൊയ്ക്കൊണ്ടിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് ചെറിയൊരു ബില്ലാണ്. ബഹുമാനപ്പെട്ട മന്ത്രിപോലും ചുരുക്കിയാണ് സംസാരിച്ചത്.

ശ്രീ. മുരളി പെരുനെല്ലി: സർ, കേരളത്തിൽ ഈ രംഗത്തുണ്ടാകുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പ്രധാനപ്പെട്ട കാരണക്കാരായ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൾക്കെതിരെ ശക്തമായി ഇടപെടുന്ന കാര്യത്തിൽ

Uncorrected/Not for publication
16-09-2025

പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചയാണുണ്ടായിരിക്കുന്നത്. അവർക്ക് മറ്റ് പല കാര്യങ്ങളുമാണ് പ്രധാനം. ഇവിടെ പോലീസും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുമെല്ലാം പരാമർശിക്കുന്ന സ്ഥിതിവിശേഷമുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. മുരളി പെരുനെല്ലി: സർ, ലോക്കപ്പ് മർദനം നിർത്തലാക്കിയത് 1957-ലെ ഇ.എം.എസ്. ഗവൺമെന്റാണ്. ആ നിലയിലുള്ള ഒരു ലോക്കപ്പ് മർദനം വീണ്ടും കേരളത്തിലുണ്ടായത് 2003-ൽ തൃശ്ശൂർ കളക്ടറേറ്റിലേക്ക് നടന്ന ചെത്തു തൊഴിലാളികളുടെ മാർച്ചുമായി ബന്ധപ്പെട്ടാണ്. ആ മാർച്ചിനോട് പോലീസ് എടുത്ത സമീപനത്തിൽ ആ പോലീസുകാർക്കെതിരെ എന്ത് നടപടിയെടുത്തു? ഒരു നടപടിയും എടുത്തില്ല. INTUC, BMS, CITU, AITUC എന്നീ ട്രേഡ് യൂണിയൻ തൊഴിലാളികൾക്ക് CITU കേന്ദ്രത്തിൽ ഉഴിച്ചിൽ കേന്ദ്രം നടത്തുന്ന ഒരു സ്ഥിതിവിശേഷം നമുക്ക് കാണാൻ സാധിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി, പ്ലീസ് കൺക്ലൂഡ്. ഇതൊരു ചെറിയ ബില്ലാണ്. ബഹുമാനപ്പെട്ട മന്ത്രിപോലും വളരെ

ചുരുക്കിയാണ് സംസാരിച്ചത്. അങ്ങ് ഒരുപാട് സമയമെടുത്തു. ദയവായി അവസാനിപ്പിക്കണം.

ശ്രീ. മുരളി പെരുനെല്ലി: സർ, കേരളത്തിലെ പഴവർഗങ്ങൾ ഉൽപാദിപ്പിക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം, അവരുടെ ഉൽപന്നത്തിന് ന്യായമായ വില ലഭിക്കുന്നതിനുതകുന്ന നടപടിക്രമത്തിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുള്ള 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, 2024-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2-ബി നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഫോറിൻ ലിക്കർ വിഭാഗത്തിൽ ഹോർട്ടി വൈൻ എന്നൊരു പുതിയ വിഭാഗം ഉൾപ്പെടുത്തുകയും അതിനെ ഇന്ത്യൻ നിർമ്മിത വൈൻ എന്ന നിരക്കിൽതന്നെ നികുതി ഏർപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ ബില്ലിലെ ഭേദഗതി. ഇത് വളരെ ചെറിയ ബില്ലാണെന്നും അതുകൊണ്ട്

അധികം സമയമെടുക്കരുതെന്നും ബഹുമാനപ്പെട്ട ചെയർ പല പ്രാവശ്യം സൂചിപ്പിക്കുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് രണ്ട് ബില്ലുകൾ ചർച്ചയ്ക്കെടുക്കേണ്ടതുണ്ട്. മാത്രമല്ല, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവും ചർച്ചയ്ക്കായി മാറ്റിവച്ചിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഇതൊരു ചെറിയ ബില്ലാണെങ്കിലും നമ്മുടെ സമൂഹത്തിൽ ഇന്ന് വളർന്നുവന്നുകൊണ്ടിരിക്കുന്ന മദ്യാസക്തിക്ക് പ്രേരകമാകുന്ന രീതിയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. കാർഷിക ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തി കർഷകരെ സഹായിക്കുക എന്ന വ്യാജേന സംസ്ഥാനത്തെ മദ്യോൽപാദനവും വിപണനവും വർധിപ്പിച്ച് വളഞ്ഞ വഴിയിലൂടെ പണമുണ്ടാക്കുക എന്ന സർക്കാരിന്റെ ഗൂഢലക്ഷ്യമാണ് ഇതിനുപിന്നിലുള്ളത്.

ശ്രീ. പി. എസ്. സുപാൽ: സർ, ....(മൈക്ക് ഓഫ്)....

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ ഇവിടത്തെ കാര്യമാണ് സൂചിപ്പിച്ചത്. എനിക്ക് ഗോവയിലെ കാര്യത്തെക്കുറിച്ച് പറയാൻ സാധിക്കില്ല. 2023-24-ലെ ബജറ്റ് പ്രസംഗത്തിൽ ഖണ്ഡിക 547 ആയി കേരളത്തിലെ ധാന്യങ്ങൾ ഒഴികെയുള്ള കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ച് ഹോർട്ടി വൈൻ ഉൽപാദിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന കശുമാങ്ങ, കൈതച്ചക്ക, ചക്ക, വാഴപ്പഴം, ജാതിക്കയുടെ തൊണ്ട് തുടങ്ങിയ കാർഷിക വിഭവങ്ങൾ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടും, വീര്യം കുറഞ്ഞ മദ്യം, വൈൻ എന്നിവ സംസ്ഥാനത്ത് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുംകൂടി 2023-24-ലെ മദ്യനയത്തിൽ വീഞ്ഞ് നിർമ്മാണശാല നിയമത്തിൽ ഭേദഗതി പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിനായി നിയമനിർമ്മാണം നടത്തിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ധാന്യേതര കാർഷിക ഉൽപന്നങ്ങൾ ഉപയോഗിച്ച് നിശ്ചിത വീര്യമുള്ള വൈൻ സംസ്ഥാനത്തുതന്നെ എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ച് കെ.എസ്.ബി.സി. (കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ)-യുടെ ചില്ലറ

വില്പനശാലകളിലൂടെ വിപണനം നടത്താൻ സർക്കാർ ലൈസൻസ് അനുവദിക്കുന്നതാണ്. ഇങ്ങനെ ഉൽപാദിപ്പിക്കുന്ന ഹോർട്ടി വൈനിന് ഇന്ത്യൻ നിർമ്മിത വൈനിന്റെ അതേ നികുതി ഘടന ഏർപ്പെടുത്തുന്നതിലൂടെ കർഷകർക്ക് കൂടുതൽ വരുമാനം കിട്ടുമെന്ന പ്രതീക്ഷയാണ് ഗവൺമെന്റിനുള്ളത്. യഥാർത്ഥത്തിൽ കർഷക വളർച്ചയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ അതിന് ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനങ്ങൾ നടത്തി കർഷകരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കുക എന്നുള്ളതാണ് ഏറ്റവും അഭികാമ്യമായത്. യഥാർത്ഥത്തിൽ കർഷകരുടെ പ്രശ്നങ്ങൾ എന്താണ്? വിളവെടുപ്പ് സമയത്ത് അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായ ഒരു വസ്തുത. അതോടൊപ്പംതന്നെ അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിപണനം നടത്താൻ നല്ല മാർക്കറ്റുകൾ കണ്ടെത്തികൊടുക്കാനുള്ള സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ സംഭരിക്കുകയും അതിനുള്ള സംവിധാനങ്ങൾ അവർക്ക് ഉണ്ടാക്കിക്കൊടുക്കാനും കഴിയണം. മാത്രമല്ല, അവർക്കാവശ്യമായ സബ്സിഡി നൽകാൻ തയ്യാറാകണം.

കൂടാതെ വിലസ്ഥിരത ഉറപ്പുവരുത്താൻ താങ്ങുവില ഏർപ്പെടുത്തി അവരെ സഹായിക്കാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇതൊന്നും ചെയ്യാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല എന്നത് ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണിന്റെ 13-02-2025-ലെ 1591-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിതന്നെ ഈ സഭയിൽ നൽകിയ മറുപടിയിൽ വ്യക്തമാക്കിയതാണ്. അതിൻപ്രകാരം കേന്ദ്ര-സംസ്ഥാന-പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി 693.21 കോടി രൂപയുടെ പദ്ധതി അടങ്കലിൽ പ്ലാൻ സ്പേസ് റിപ്പോർട്ട് പ്രകാരം 350.87 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. അതായത് 50.62 ശതമാനം. പിന്നെ എങ്ങനെയാണ് കർഷകരെ രക്ഷപ്പെടുത്താൻ കഴിയുന്നത്? യഥാർത്ഥത്തിൽ പദ്ധതി വിഹിതത്തിൽ അടങ്കൽ വച്ചിട്ടുള്ള തുകപോലും കാർഷിക മേഖലയിൽ ചെലവഴിക്കാൻ കഴിയാതെ പോകുന്നു എന്നുള്ളത് ഗൗരവമായി കാണേണ്ട കാര്യമാണ്. കാർഷികോൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന കർഷകർക്ക് യഥാർത്ഥത്തിൽ കൊടുക്കേണ്ട ആനുകൂല്യങ്ങൾപോലും ഗവൺമെന്റ് അമ്പത് ശതമാനത്തിലധികം

വെട്ടിക്കുറച്ചു എന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിതന്നെ നൽകിയ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. പിന്നെ എങ്ങനെയാണ് ഈ വൈൻ ഉൽപാദിപ്പിച്ച് കർഷകരെ രക്ഷപ്പെടുത്തുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. സർക്കാർ ലക്ഷ്യം വരുമാന വർധനയാണ്; കർഷകരെ സഹായിക്കുകയല്ല. അങ്ങനെയാണെങ്കിൽ കാർഷിക ഉൽപന്നങ്ങളുടെ മൂല്യം വർധിപ്പിക്കാൻ ഫുഡ് പ്രോസസ്സിങ് യൂണിറ്റുകൾ ആരംഭിക്കാൻവേണ്ട പ്രോത്സാഹനം ഗവൺമെന്റ് കൊടുക്കണം. അവർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വാല്യൂ ആഡഡ് പ്രോഡക്റ്റുകൾ ഉണ്ടാക്കാനുള്ള സംവിധാനങ്ങൾ സംസ്ഥാനത്തുണ്ടാക്കാനുള്ള സഹായകരമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണനം നടത്താൻ കോ-ഓപ്പറേറ്റീവ്/സഹകരണ രംഗത്ത് മാർക്കറ്റിങ് സംവിധാനം ഏർപ്പെടുത്തണം. മൂല്യവർധിത ഉൽപന്നങ്ങളുടെ വിദേശ വിപണിയിൽ ഏർപ്പെടുത്തിയ എക്സ്പോർട്ടിങ് സാധ്യതകൾ കണ്ടെത്തണം. അമേരിക്ക പോലുള്ള രാജ്യങ്ങൾ വലിയ നികുതി ഭാരം അടിച്ചേൽപ്പിച്ചതിലൂടെ നമ്മുടെ എക്സ്പോർട്ടിങ് സാധ്യതകൾക്ക് ഗുരുതരമായ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളതെന്ന്

ബഹുമാനപ്പെട്ട അംഗം മുരളി പെരുനെല്ലി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് കണ്ടില്ലെന്ന് നടിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. ആ മേഖലകളിലെല്ലാം ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. അതിനുപകരം മദ്യത്തിൽ ആശ്രയിക്കുന്ന സമീപനം നീതിബോധമുള്ള ഒരു പൗരനും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

കാർഷിക ഉൽപന്നങ്ങളെ മദ്യനിർമ്മാണത്തിലേക്ക് വഴിതിരിച്ചുവിടുന്നത് സംസ്ഥാനത്തിന് നല്ല പ്രവണതയല്ല. ആരോഗ്യ-സാമൂഹ്യ പ്രത്യാഘാതങ്ങൾക്ക് ഇത് ഇടവരുത്തും. കേരളം ഇതിനോടകംതന്നെ മദ്യോൽപാദനത്തിൽ ഏറെ മുന്നിലാണ്. ഇത്തവണത്തെ ഓണക്കാലത്തെ പന്ത്രണ്ട് ദിവസംകൊണ്ട് മലയാളി കുടിച്ചുതീർത്തത് 920.74 കോടി രൂപയുടെ മദ്യമാണ്. കഴിഞ്ഞ വർഷം ഓണക്കാലത്ത് 824.07 കോടി രൂപയുടെ വില്പന മറികടന്ന് ഇക്കുറി റിക്കാർഡ് 9.34 ശതമാനം വർധനയാണ് മദ്യ വില്പനയിൽ വന്നിട്ടുള്ളത്. മുൻ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 23 ബാറുകളുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 836 ബാറുകൾ പ്രവർത്തിച്ചുവരികയാണ്. ഒരു ഭാഗത്ത്

മയക്കുമരുന്നിന്റെ വ്യാപനം വല്ലാതെ വർധിക്കുകയാണ്. ഓരോ ദിവസവും പത്രം വായിക്കുമ്പോൾ നമ്മുടെ നാട്ടിൽ ഇതെല്ലാം നടക്കുമോ എന്നുള്ള വലിയൊരു ഭീതിയാണ് നമുക്കുണ്ടാകുന്നത്. കേരളം പോലൊരു കൊച്ചു സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വ്യാപനം അതിഭയങ്കരമായ തോതിൽ വർധിച്ചുവരികയാണ്. മറുഭാഗത്ത് സർക്കാർ സ്പോൺസേർഡായും മദ്യത്തിന്റെ ഉപയോഗവും വ്യാപനവും വർധിക്കുകയാണ്. അതിനെ തുടർന്നുണ്ടാകുന്ന കലഹങ്ങൾ ഇന്ന് കേരളത്തിലെ പത്രമാധ്യമങ്ങളിൽ സാധാരണ വാർത്തകൾ അല്ലാതായി മാറിയിരിക്കുന്നു. തനിക്ക് ഇഷ്ടപ്രകാരം മദ്യവും മയക്കുമരുന്നും ഉപയോഗിക്കാൻ പണം നൽകിയില്ലെന്ന കാരണത്താൽ പത്തുമാസം ചുമന്ന് പ്രസവിച്ച സ്വന്തം അമ്മയെ നിങ്ങൾ എനിക്ക് എന്തിന് ജന്മം നൽകിയെന്ന് ചോദിച്ചുകൊണ്ട് സ്വന്തം മകൻ കുത്തികൊല്ലുന്ന വാർത്തയാണ് നമ്മളിപ്പോൾ പത്രങ്ങളിൽ വായിക്കുന്നത്. എട്ടു വയസ്സുള്ള ഒരു വിദ്യാർഥിനി മയക്കുമരുന്നിന്റെ ക്യാരിയറായി പ്രവർത്തിക്കുന്നുവെന്ന വാർത്ത വായിക്കാൻ ഇടയാകുന്ന സാഹചര്യമാണ് ഈ സംസ്ഥാനത്തുള്ളത്. അത്തരത്തിൽ നമ്മൾ ആഗ്രഹിക്കാത്ത വാർത്തകളാണ് ഇന്ന് ഈ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും

വ്യാപനത്തിലൂടെ നമ്മുടെ നാട്ടിലുണ്ടാകുന്നതെന്ന കാര്യം വളരെ ഗൗരവമായി കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതിന് പരിഹാരം കാണേണ്ട സാഹചര്യം നിലനിൽക്കവേയാണ് ഒരുവശത്തുകൂടി കർഷകരെ സഹായിക്കുക എന്ന രീതിയിൽ മദ്യ ഉപയോഗം നിയമവിധേയമായ വ്യാഖ്യാനമാക്കി സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. സമൂഹത്തിന് കൊടുക്കുന്ന തെറ്റായ സന്ദേശമാണ് ഇക്കാര്യത്തിലുള്ളതെന്ന് യാതൊരു സംശയവുമില്ല. ഏതാണ് രണ്ടു വർഷം മുമ്പ് 2023-24-ലെ ബജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി പ്രകാരം ഏതെങ്കിലും കർഷകൻ ഹോർട്ടി വൈൻ ഉൽപാദനത്തിൽ മുന്നോട്ടുവന്നിരുന്നോ, അതിലൂടെ കാർഷിക മേഖലയിലെ വരുമാനം വർധിപ്പിക്കാൻ ഇടവരുത്തിയോ, കാർഷിക മേഖലയിൽ ഇതിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി എന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോയെന്നാണ് ഈ ബിൽ അവതരണ വേളയിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ രണ്ടു വർഷംകൊണ്ട് കർഷകർക്ക് വരുമാന വർധനയിലൂടെ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിച്ചുവെന്നും ഈ രംഗത്തെ പുരോഗതി എന്തെല്ലാമാണെന്നുമുള്ള റിപ്പോർട്ട് കൈവശമുണ്ടെങ്കിൽ അത് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ

തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഒരു കാര്യം അടിവരയിട്ട് പറയുന്നു, ഈ ബിൽ ഭേദഗതി കർഷകർക്ക് വരുമാനമുണ്ടാക്കാനാണെന്ന് പറഞ്ഞാലും അതിന്റെ യഥാർഥ ഉള്ളടക്കം മദ്യ വിപണനം വർധിപ്പിക്കുകയെന്നത് മാത്രമാണ്. കർഷകർക്ക് വരുമാനം വർധിപ്പിക്കാൻ സാധിക്കുന്നത് കൃഷിയിലൂടെയാണ്; മദ്യത്തിലൂടെയല്ല. അതിനാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നുള്ള ആവശ്യം ഒന്നുകൂടി ആവർത്തിച്ചുകൊണ്ട് നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ വിഷയം വളരെ മുമ്പുതന്നെ ചർച്ച ചെയ്യുതും പൊതുവെ ഈ സഭയും കേരളത്തിലെ കൃഷിക്കാരും പൊതുസമൂഹവും വലിയ തോതിൽ അംഗീകരിച്ചതുമായൊരു കാര്യമാണ്. ബഹുമാനപ്പെട്ട രണ്ട് അംഗങ്ങളാണ് ഇവിടെ ചർച്ചയിൽ പങ്കെടുത്തത്. ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ., ഇതിന്റെ ഗുണവശങ്ങളെക്കുറിച്ചും പൊതുവായ ചില സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ചുമാണ് പറഞ്ഞത്. എന്നാൽ ശ്രീ. ടി. ജെ. വിനോദ് എം.എൽ.എ. രാഷ്ട്രീയമായി ഇക്കാര്യത്തിനെ എതിർക്കേണ്ടതുണ്ടോയെന്ന

തരത്തിലാണ് ചർച്ച ചെയ്തത്. ഈ ബില്ലുകൊണ്ട് യഥാർഥത്തിൽ ഉദ്ദേശിക്കുന്നത് എന്താണ്? കൃഷിക്കാർക്ക് അവരുടെ കാർഷികോൽപന്നങ്ങൾക്ക് വില ലഭിക്കുന്നതിന് പുതിയ തരത്തിലുള്ള ഉൽപന്നങ്ങൾ ആവശ്യമാണ്. വാല്യൂ ആഡഡ് പ്രൊഡക്ട്സ് ഉണ്ടായാലേ അതിന് സാധിക്കുകയുള്ളൂ. കേരളത്തിന്റെ പ്രത്യേകത, ഇവിടെ ധാരാളം പഴവർഗ്ഗങ്ങളുണ്ടെന്നതാണ്. പലതും പാഴായി പോകുന്നുണ്ട്. എന്നാൽ ചക്ക, മാങ്ങ, വാഴപ്പഴം എന്നിവയിൽ നിന്നെല്ലാം വലിയ തോതിൽ നാച്യുറലായി വൈൻ ഉണ്ടാക്കുന്നതിനുള്ള സാധ്യതയുണ്ട്. കൂടാതെ, ജാതിക്ക മാത്രമല്ല മുളകിൽനിന്നുവരെ പലതരത്തിലുള്ള ഉൽപന്നങ്ങൾ കാർഷിക സർവകലാശാല നിലവിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ കൃഷിക്കാർക്ക് ഉൽപാദിപ്പിക്കുന്നതിനുള്ള അവസരവും ലൈസൻസും ആവശ്യമാണ്. അതിന് വലിയ ലാഭം ലഭിക്കുകയില്ലെങ്കിലും പാഴാക്കാതെതന്നെ സാധനങ്ങൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം വേണമെന്നുള്ളതാണ് ഇവിടത്തെ കാര്യം. അതുകൊണ്ട് കാർഷികോൽപന്നങ്ങളിൽനിന്നും വലിയ ലഹരിയുള്ള മദ്യം ഉൽപാദിപ്പിക്കുന്നതിനല്ല, മറിച്ച് വൈൻ ഉൽപാദിപ്പിക്കുന്നതിനാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഹോർട്ടി വൈൻ

എന്നത് നമ്മുടെ നികുതി നിയമത്തിലില്ല. ഇന്ത്യൻ നിർമ്മിത വൈൻ നികുതി നിയമത്തിലുണ്ട്. കേരളത്തിൽ വരുന്ന വൈനുകളെല്ലാം കൂടുതലും മുന്തിരിയിൽനിന്നും ഉൽപാദിപ്പിക്കുന്നതാണ്. മഹാരാഷ്ട്രയിൽനിന്നും മറ്റുസ്ഥലങ്ങളിൽനിന്നും വരുന്ന മുന്തിരിയിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈനിനുപകരം കേരളത്തിലെ പഴവർഗ്ഗത്തിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈൻ ഉപയോഗിക്കുന്നത് നല്ലതാണ്. അതിനെ റിപ്ലേയ്സ് ചെയ്യാൻ സാധിക്കും. എല്ലാവരും വൈൻ കുടിക്കുമെന്നല്ല, പക്ഷെ മറ്റുസംസ്ഥാനങ്ങളിൽനിന്നും വരുന്ന വൈനിനുപകരം കേരളത്തിലെ വൈൻ ഉൽപാദിപ്പിക്കണമെന്ന ആവശ്യം കർഷക സംഘടനകൾ മാത്രമല്ല രാഷ്ട്രീയത്തിനതീതമായി എല്ലാ സംഘടനകളും ആവശ്യപ്പെടുന്ന കാര്യമാണ്. അതിനെ നിയമപരമായി നടപ്പാക്കണമെങ്കിൽ ധാരാളം നടപടിക്രമങ്ങളുണ്ട്. ഈ നികുതിതന്നെ പാടില്ലെന്ന് കർഷക സംഘടനകൾ പറയുന്നുണ്ട്. കാരണം ഈ നികുതിയായാൽ മത്സരിക്കാൻ സാധിക്കില്ല. പക്ഷെ കേരളത്തിലെ നിലവിലുള്ള വൈനിന്റെ നികുതിക്കൊപ്പം ഇതുൾപ്പെടുത്തുമെന്നാണ് ഗവൺമെന്റ് മുമ്പ് പറഞ്ഞത്. കർഷകരെ ഉപയോഗിച്ചുകൊണ്ട് വളഞ്ഞ വഴിയിൽ സർക്കാരിന് വരുമാനം

ഉണ്ടാക്കുന്നതിനുവേണ്ടിയല്ല. ഇതിൽനിന്നും വലിയ വരുമാനമൊന്നും ലഭിക്കാൻ പോകുന്നില്ല. വൈൻ ഉൽപാദനത്തിൽ സാങ്കേതികമായ നിരവധി കാര്യങ്ങളുണ്ട്. അതിൽനിന്നും വലിയ വരുമാനം ലഭിക്കുന്നതിന് എളുപ്പത്തിൽ സാധിക്കുമെന്ന് വ്യക്തിപരമായി എനിക്ക് തോന്നുന്നില്ല. ഇങ്ങനെയൊരു സംവിധാനം വരുമ്പോൾ കേരളത്തിലെ കാർഷികോൽപന്നങ്ങളെ വിവിധ മേഖലകളിൽ ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ആവശ്യമാണ്.

കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കാർഷികോൽപന്നങ്ങളിൽനിന്നും വിലയേറിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ഞാൻ പറഞ്ഞിരുന്നു. ഏത്തക്കായിൽനിന്നും ഉപ്പേരി ഉണ്ടാക്കുന്ന കമ്പനിയെയും മറ്റു ചില ഉൽപന്നങ്ങൾ നിർമ്മിക്കുന്ന കമ്പനിയെയും നമ്മുടെ കാർഷികോൽപന്നങ്ങൾ വിദേശത്തേക്ക് കയറ്റിയയ്ക്കുന്ന വാല്യു ആഡഡ് ആയിട്ടുള്ള പ്രൊഡക്ട്സ് ഉണ്ടാക്കുന്ന കമ്പനിയെയും സംബന്ധിച്ചെല്ലാം പറഞ്ഞത് കേരളത്തിൽ അതിനുള്ള സാധ്യതയുള്ളതുകൊണ്ടാണ്. നമുക്കത് നല്ല രീതിയിൽ ഉപയോഗിക്കാൻ സാധിക്കും. തോട്ടം മേഖലയിൽ റബ്ബറിനും മറ്റുപരിമിതമായ തോട്ടം

വിളകൾക്കുംപകരം ചില വിളകൾ ഉൾപ്പെടുത്തണമെന്ന അഭിപ്രായവും ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ബജറ്റിൽ പറഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച് പൊതുവിൽ ധാരണയാകേണ്ടതുണ്ട്. അത്തരം വിളകൾ കൊണ്ടുവന്നിട്ടില്ലെങ്കിൽ എങ്ങനെയാണ് കേരളത്തിലെ കാർഷിക മേഖലകൾ നന്നാകുന്നത്? ഇരുനൂറ് വർഷങ്ങൾക്കുമുമ്പ് പോർച്ചുഗീസുകാരോ അല്ലെങ്കിൽ അതിനുശേഷം ബ്രിട്ടീഷുകാരോകൊണ്ടുവന്ന റബ്ബറാണ് വേണ്ടതെന്നും അതിനുപകരം പുതിയ വില ലഭിക്കുന്ന വിള വേണ്ട എന്നൊന്നും നമ്മൾ തീരുമാനിക്കേണ്ടതില്ല. അതുസംബന്ധിച്ച് ഇവിടെ ചർച്ച നടത്തിയതുമാണ്. അതിന്റെ തന്നെ ഭാഗമായി വന്നതാണ് ഇത്തരമൊരു കാര്യങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം. ഇത് വലിയ ലാഭം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ളതല്ല. ഇക്കാര്യം വിജയകരമായി നടത്തുന്നത് നമ്മൾ വിചാരിക്കുന്നതിനെക്കാൾ വലിയ ബുദ്ധിമുട്ടാണ്. ഈ സംരംഭം വിജയിപ്പിക്കാൻ സാധിക്കുകയാണെങ്കിൽ വളരെ നല്ല കാര്യമാണ്. പുതിയ ഒരു വഴിതുറക്കലാണ് എന്ന രീതിയിലുള്ള അവസരമെന്ന നിലയിലാണ് ഇക്കാര്യങ്ങളെ കാണുന്നത്. അല്ലാതെ മദ്യം വ്യാപിപ്പിക്കുന്ന തരത്തിലേക്കുള്ള ഒരു കാര്യവും വന്നിട്ടില്ല. മദ്യത്തിന്റെ കാര്യത്തിൽ

അങ്ങനെ കൂടുതൽ വ്യാപനം കേരളത്തിൽ വന്നിട്ടുമില്ല. അക്കാര്യം നിയന്ത്രിച്ചുതന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ധനം ഉണ്ടാക്കുന്നതിനുവേണ്ടിയും വരുമാനം വർധിപ്പിക്കുന്നതിനുവേണ്ടിയും തൊട്ടടുത്ത സംസ്ഥാനങ്ങൾ പല നടപടികൾ സ്വീകരിച്ചുവെങ്കിലും കേരളത്തിൽ മദ്യത്തെ അടിസ്ഥാനപ്പെടുത്തി അങ്ങനെ വന്നിട്ടില്ലെന്നത് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. അതുകൊണ്ട് ഇക്കാര്യങ്ങൾ ആ ഒരർഥത്തിൽ മനസ്സിലാക്കണം. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചശേഷം വീണ്ടും ഇത് പരിശോധിക്കാൻ സാധിക്കും. എന്നാലുമിത് രണ്ട് വർഷം മുമ്പുതന്നെ വരേണ്ട അമെന്റ്മെന്റാണ്. എന്നാൽ ഇപ്പോഴാണിത് കൊണ്ടുവരാൻ സാധിക്കുന്നത്. അതിനുകാരണം നടപടിക്രമങ്ങളുടെ നൂലാമാലകളാണ്. സബ്ജക്ട് കമ്മിറ്റിക്ക് അയച്ചശേഷം ഇതിന്റെ ബാക്കി കാര്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമാണുള്ളത്. ഒരുകാര്യം കൂടി പറയാനുണ്ട്, ഇതിൽ ഫുഡ് സെക്യൂരിറ്റിയെ ബാധിക്കാത്ത തരത്തിലുള്ള കാര്യങ്ങൾ മാത്രമാണ് പറഞ്ഞിട്ടുള്ളത്. കാരണം പെരിഷബിളായിട്ടുള്ളതും നഷ്ടപ്പെട്ടുപോകുന്നതുമായ വസ്തുക്കൾ, പഴവർഗ്ഗങ്ങൾ എന്നിവ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ മറ്റ്

സംസ്ഥാനങ്ങളിലെല്ലാം ബിയർ ഉണ്ടാക്കുന്നത് ബാർലിയും അല്ലെങ്കിൽ ഗോതമ്പും നെല്ലുമൊക്കെ ഉപയോഗിച്ചാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ ബിയർ അല്ലല്ലോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അല്ല, അത്തരം സാധനങ്ങൾ തൊടാതിരിക്കാൻ, ഇതിൽ പ്രാദേശികമായ കാർഷികോൽപന്നങ്ങൾ എന്നുപറയുമ്പോൾ അതിനകത്ത് ഭക്ഷ്യധാന്യങ്ങൾ ഒഴികെയുള്ള പഴവർഗ്ഗങ്ങൾ എന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നമുക്ക് പാഴായി പോകുന്ന സാധനങ്ങളെ നല്ല രീതിയിൽ ഉപയോഗിക്കാൻ സാധിക്കുമെന്ന കാഴ്ചപ്പാടാണുള്ളത്. അതിനാൽ ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുരളി പെരുനെല്ലി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2024-ലെ കേരള പൊതുവില്പന നികുതി(ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII -ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(5)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നുവെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉപക്ഷേപത്തെ,

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് വേണമെങ്കിൽ സംസാരിക്കാവുന്നതാണ്.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സർക്കാർ വകുപ്പുകളിൽ ഏറ്റവും പഴക്കവും പാരമ്പര്യവുമുള്ളതാണ് രജിസ്ട്രേഷൻ വകുപ്പ്. 1865-ൽ കണ്ണൂർ ജില്ലയിലെ

അഞ്ചരക്കണ്ടിയിലാണ് രാജ്യത്തുതന്നെ ആദ്യത്തെ സബ് രജിസ്ട്രാർ ഓഫീസ് സ്ഥാപിതമായത്. ഇന്ന് സംസ്ഥാനത്താകെ 315 സബ്‌രജിസ്ട്രാർ ഓഫീസുകൾ പ്രവർത്തിക്കുകയാണ്. സർക്കാരിന്റെ വരുമാന സ്രോതസ്സുകളിൽ വളരെ പ്രധാനപ്പെട്ട ഒരു സംവിധാനമായി രജിസ്ട്രേഷൻ വകുപ്പ് മാറിയിട്ടുണ്ട്. 5578.94 കോടി രൂപയായിരുന്നു കഴിഞ്ഞ വർഷത്തെ വരുമാനം. ഇതിനുതൊട്ടുമുമ്പത്തെ വർഷത്തെക്കാൾ 360 കോടിയോളം അധികമാണ്.

'രജിസ്ട്രേഷൻ വകുപ്പും കാലത്തിനൊപ്പം' എന്ന മുഖസന്ദേശവുമായി ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെയാകെ ആധുനികവൽക്കരിച്ചുവരികയാണ്. അടിസ്ഥാന സൗകര്യവികസനം, കമ്പ്യൂട്ടർവൽക്കരണം, ഡിജിറ്റൈസേഷൻ, ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കൽ തുടങ്ങി നിരവധി പരിഷ്കാരങ്ങളാണ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി കഴിഞ്ഞ ഒമ്പതുവർഷക്കാലയളവിൽ നടപ്പിലാക്കിയത്. തിരഞ്ഞെടുക്കപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിൽ ഉയർത്താനുള്ള നടപടികൾകൂടി ആരംഭിച്ചിട്ടുണ്ട്.

ഭൂമിയുടെ ക്രയവിക്രയങ്ങൾ രജിസ്റ്റർ ചെയ്യുക, അവകാശപത്രങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്തുക, വസ്തു ഇടപാടുകളിലെ വഞ്ചന, കൃത്രിമം എന്നിവ തടയുക, അസ്സൽ ആധാരങ്ങൾ നഷ്ടപ്പെട്ടുപോയാലോ നശിച്ചുപോയാലോ അവകാശങ്ങൾ സ്ഥാപിക്കാൻ സൗകര്യവും അവസരവും ഒരുക്കുക തുടങ്ങിയവയാണ് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രധാന ഭരണനിർവഹണ മേഖല. എന്നാൽ ഇതിനൊപ്പംതന്നെ ചിട്ടി രജിസ്ട്രേഷൻ, പാർട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, നോൺ ട്രേഡിങ് കമ്പനി രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ എന്നിവയും രജിസ്ട്രേഷൻ വകുപ്പിന്റെതന്നെ ഭരണനിർവഹണത്തിൽ ഉൾപ്പെടുന്നവയാണ്. ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടയൊന്നാണ് സംഘങ്ങളുടെ രജിസ്ട്രേഷനും അനുബന്ധ നടപടികളും.

ഒരു പൊതുവായ ലക്ഷ്യം നിറവേറ്റുന്നതിനായി കൂട്ടായ പ്രവർത്തനം നടത്തുന്നതിന് സന്നദ്ധരായ ആളുകളുടെ സംഘടനയാണ് സൊസൈറ്റി അഥവാ സംഘം എന്നുപറയുന്നത്. ഇത്തരം സൊസൈറ്റികളുടെ അഥവാ സംഘങ്ങളുടെ പ്രവർത്തനത്തിന് നിയമപരമായ പിന്തുണയും പരിരക്ഷയും നൽകുന്നതിനായി രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ സംഘം രജിസ്ട്രാർ

മുമ്പാകെ ഇത്തരം സംഘങ്ങൾ രജിസ്റ്റർ ചെയ്തുവരുന്നു. നമ്മുടെ സംസ്ഥാനത്ത് കലാ, കായിക, ശാസ്ത്രീയ, ധാർമ്മിക, വിദ്യാഭ്യാസ കാര്യങ്ങളുടെ ഉന്നമനത്തിനായി വ്യത്യസ്തങ്ങളായ നിരവധി സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. നിലവിൽതന്നെ സർക്കാർ, സർക്കാരിതര മേഖലകളിൽ പ്രശസ്തമായ നിരവധി സ്ഥാപനങ്ങൾ ഈ ആക്ടുകളുടെ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടവയാണ്. ഉദാഹരണമായി A.M.M.A, ട്രിവാൻഡ്രം ക്ലബ്, ശ്രീമൂലം ക്ലബ്, ടെക്നോപാർക്ക്, നിർമ്മിതി കേന്ദ്രം, പ്രസ്സ് ക്ലബുകൾ, ശാന്തിഗിരി ആശ്രമം, ബാർ അസോസിയേഷനുകൾ, കേരള ക്രിക്കറ്റ് അസോസിയേഷൻ, ഇൻഫർമേഷൻ കേരള മിഷൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, കില, പീച്ചിയിലെ ഫോറസ്റ്റ് ഡെവലപ് ഏജൻസി, കേരള സാഹിത്യ അക്കാദമി, ചിന്മയ മിഷൻ, വാസ്തുവിദ്യ ഗുരുകുലം, വിവിധ പാലിയേറ്റീവ് സൊസൈറ്റികൾ, മലബാർ ക്യാൻസർ സെന്റർ തുടങ്ങി പ്രധാനപ്പെട്ട പല സംഘങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടവയാണ് എന്നത് ഈ ബില്ലിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. സഹകരണ നിയമത്തിന് വെളിയിലുള്ള മിക്ക

സ്ഥാപനങ്ങളും ഇത്തരത്തിൽ സംഘം രജിസ്ട്രേഷൻ നിയമം പ്രകാരം പ്രവർത്തിച്ചുവരുന്നവയാണ്.

എന്നാൽ നാളിതുവരെ സംസ്ഥാനത്ത് ഇക്കാര്യങ്ങളിൽ ഒരു ഏകീകൃത നിയമവ്യവസ്ഥയില്ല എന്ന പോരായ്മ നിലനിൽക്കുന്നു. നിലവിൽ രണ്ട് ആക്ടുകൾ അനുസരിച്ചാണ് ഇവ രജിസ്റ്റർ ചെയ്യുന്നതും പ്രവർത്തിച്ചു വരുന്നതും.

പഴയ മലബാർ പ്രദേശങ്ങൾ അതായത് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ നെന്മാറ, ചിറ്റൂർ ഒഴികെയുള്ള പ്രദേശങ്ങൾ, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്ക്, എറണാകുളം ജില്ലയിലെ പഴയ മലബാർ ഫോർട്ട് കൊച്ചി പ്രദേശങ്ങൾ എന്നീ സ്ഥലങ്ങളിൽ 1860-ലെ 21-ാം നമ്പർ കേന്ദ്ര ആക്റ്റായ സൊസൈറ്റിസ് രജിസ്ട്രേഷൻ ആക്റ്റാണ് ബാധകമായിട്ടുള്ളത്. സംസ്ഥാനത്ത് ഇത് ഒഴിച്ചുള്ള പ്രദേശങ്ങളിൽ അതായത് പഴയ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് മുഴുവൻ 1955-ലെ 12-ാം നമ്പർ ആക്റ്റായ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റാണ്

ബാധകമായിട്ടുള്ളത്. മാത്രവുമല്ല, ആക്ടുകൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിക്കാറുണ്ടെങ്കിലും നാളിതുവരെ ഈ രണ്ട് ആക്ടുകൾക്കും ആവശ്യമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലെന്നതും ഒരു പോരായ്മയാണ്. ആക്ടിലെ വ്യവസ്ഥകളനുസരിച്ച് മാത്രമാണ് നിലവിൽ നടപടി സ്വീകരിച്ചുവരുന്നത്.

നിലവിലുള്ള രണ്ട് ആക്ടുകളും കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പുള്ളതും വ്യവസ്ഥകൾ വ്യത്യസ്തവുമാണ്. ഫീസ് ഘടന, റിട്ടേണുകൾ ഫയൽ ചെയ്യുന്നതിൽ വന്നുചേരുന്ന വീഴ്ച ക്രമവൽക്കരിക്കൽ തുടങ്ങിയ പ്രധാന കാര്യങ്ങളിലൂൾപ്പെടെ ഈ വ്യത്യസ്തത നിലനിൽക്കുന്നു. സംസ്ഥാനത്ത് ഒരു ജില്ലയിൽത്തന്നെ വ്യത്യസ്ത താലൂക്കുകളിൽ വ്യത്യസ്ത നിയമങ്ങൾ ബാധകമാകുന്നതും ഒരു ജില്ലയിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റി വ്യത്യസ്ത ജില്ലകളിൽ പ്രവർത്തിക്കുമ്പോൾ വ്യത്യസ്ത നിയമങ്ങൾ ബാധകമാകുന്നതും ഭരണപരമായ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. രജിസ്റ്റർ ചെയ്തിരിക്കുന്ന സംഘങ്ങളിൽ മിക്കതും നല്ലനിലയിൽ വ്യവസ്ഥാപിതമായ രീതിയിൽത്തന്നെ പ്രവർത്തിച്ചുവരുന്നവയാണെങ്കിലും യഥാസമയം റിട്ടേണുകൾ സമർപ്പിച്ച് രജിസ്ട്രേഷൻ പുതുക്കാത്ത നിരവധി സംഘങ്ങളുണ്ട്.

അങ്ങനെയുള്ള കടലാസ് സംഘങ്ങളിൽ ചിലത് തട്ടിപ്പുസംഘങ്ങളായി പ്രവർത്തിക്കുന്ന പരാതികളും നിരന്തരമായി ലഭിച്ചുവരുന്നു. സാമ്പത്തിക ക്രമക്കേടുകളുൾപ്പെടെ അനധികൃതമായി നടത്തുന്ന ക്രമക്കേടുകളെ യഥാസമയം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ വേണ്ടത്ര പര്യാപ്തമല്ല. സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങളിലേയ്ക്ക് നീങ്ങി പ്രവർത്തനം സ്തംഭിച്ചുപോകുന്നത് ഒഴിവാക്കാനും പരാതികളിൽ ആവശ്യമായ അന്വേഷണം നടത്തി വീഴ്ച പരിഹരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾച്ചേർക്കേണ്ടതുണ്ട്.

അതുകൊണ്ടാണ് ഇത്തരം പോരായ്മകൾ പരിഹരിച്ചുകൊണ്ട് സംസ്ഥാനത്താകെ ബാധകമായ രീതിയിൽ കേരളത്തിൽ സൊസൈറ്റി രജിസ്ട്രേഷനും അതിന്റെ നിയന്ത്രണവും ഏകീകരിക്കുന്നതിന് ഒരു ഏകീകൃത നിയമം അനിവാര്യമായി തീർന്നത്. ചരിത്രപരമായ ഒരു ദൗത്യമാണ് ഈ ബിൽ അവതരണത്തോടെ നിറവേറ്റപ്പെടുന്നത്.

ആയതിനാൽ ഇക്കാര്യങ്ങളിൽ കാലോചിതമായ മാറ്റങ്ങളും കൂടുതൽ വ്യക്തതയേറിയ വ്യവസ്ഥകളും ഉൾപ്പെടുത്തിയാണ് സംസ്ഥാനത്ത് കലാ, കായികം, സാഹിത്യം, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ

പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് സഹായകവും പ്രോത്സാഹനവുമാകുംവിധം കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ 2025 തയ്യാറാക്കിയിരിക്കുന്നത്. മലബാർ പ്രദേശത്ത് പ്രാബല്യത്തിലിരിക്കുന്ന 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ് എന്ന കേന്ദ്ര ആക്റ്റ് ആ പ്രദേശത്ത് ബാധകമല്ലാതാക്കുകയും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് റദ്ദാക്കുകയും ചെയ്തുകൊണ്ടാണ് സംസ്ഥാനത്ത് മുഴുവൻ ബാധകമാകുംവിധം പുതിയ ഏകീകൃത നിയമം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളത്. അതോടൊപ്പം നിലവിലുള്ള സംഘങ്ങൾക്ക് സാധൂകരണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഏഴ് അധ്യായങ്ങളിലായി 45 വകുപ്പുകൾ ഉൾക്കൊള്ളുന്നതാണ് പുതിയ ബില്ല്. പൊതുതാൽപര്യം മുൻനിർത്തി രൂപീകരിക്കപ്പെടുന്ന ഇത്തരം സംഘങ്ങളിൽ ഉണ്ടായേക്കാവുന്ന കെടുകാര്യസ്ഥത, ധനദുർവിനിയോഗം, ചട്ടവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ വ്യവസ്ഥാപിതമായി ഇടപെടാനും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്. അതോടൊപ്പം നടപടികൾ സംബന്ധിച്ച് ഐ.ജി.ആർ. തലത്തിലും സർക്കാർതലത്തിലും അപ്പീൽ അവസരങ്ങളും ഉറപ്പാക്കിയിട്ടുണ്ട്.

ബില്ലിന്റെ തുടർ പരിശോധനാവേളയിൽ കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യാമെന്നതുകൊണ്ട് ആമുഖമായി ഇത്രയും കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ 2025 ബഹുമാനപ്പെട്ട നിയമസഭയുടെ മുമ്പാകെ സമർപ്പിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കടകംപള്ളി സുരേന്ദ്രന് 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2025 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചുകഴിഞ്ഞു. അത് നിയമമാക്കാൻവേണ്ടിയുള്ള നടപടി

സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. സംസ്ഥാനത്തിന്റെ നിയമനിർമ്മാണ ചരിത്രത്തിലെ ഒരു നല്ല മുഹൂർത്തമാണിത്. പുരോഗമനപരമായ കാഴ്ചപ്പാടുകളോടെയും ജനകേന്ദ്രീകൃതമായ ഭരണമെന്ന ലക്ഷ്യത്തോടെയും നമ്മുടെ സർക്കാർ സഭയിൽ അവതരിപ്പിക്കുന്ന 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ ഒരു നിയമനിർമ്മാണ രേഖ മാത്രമല്ല, മറിച്ച് സംസ്ഥാനത്തെ കലാ, കായിക, സാഹിത്യ, ശാസ്ത്ര, ജീവകാരുണ്യ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തും സുതാര്യതയും നൽകാനുള്ള നമ്മുടെ പ്രതിബദ്ധതയുടെ സാക്ഷ്യപത്രമാണ്. കേരളം രൂപീകൃതമായത് ബ്രിട്ടീഷ് ഭരണത്തിൻകീഴിലായിരുന്ന മലബാർ പ്രദേശവും നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളും ചേർന്നാണ്. ഈ ചരിത്രപരമായ വേർതിരിവ് കാലങ്ങളോളം നമ്മുടെ സംഘം രജിസ്ട്രേഷൻ നിയമങ്ങളിലും തുടർന്നുവരികയായിരുന്നു. ഇത് വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു. സംസ്ഥാനത്ത് ഒരേ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സംഘടനകൾപോലും വ്യത്യസ്ത നിയമങ്ങളുടെ കീഴിലായിരുന്നു രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. നിലവിലുണ്ടായിരുന്ന രണ്ട് നിയമങ്ങളെക്കുറിച്ച്

ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. 1860-ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്, ബ്രിട്ടീഷ് ഭരണത്തിൻകീഴിലുണ്ടായിരുന്ന മലബാർ പ്രദേശത്ത്, വടക്കൻ ജില്ലകളിലാണ് ഈ നിയമം ബാധകമായത്. രണ്ടാമത്തേത് 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്റ്റ്. തൃശ്ശൂർ മുതൽ തെക്കോട്ടുള്ള തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് ഈ നിയമം പ്രയോഗത്തിലുണ്ടായിരുന്നു. ഈ രണ്ട് നിയമങ്ങൾക്കും വ്യത്യസ്തമായിട്ടുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളുമുണ്ടായിരുന്നു. ഉദാഹരണത്തിന്, രജിസ്ട്രേഷൻ ഫീസുകൾ വ്യത്യസ്തമായിരുന്നു. 1860-ലെ നിയമപ്രകാരം 25 രൂപയായിരുന്നത് 1955-ലെ നിയമപ്രകാരം 100 രൂപയായിരുന്നു ഫീസ്. കൂടാതെ വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിലും മറ്റ് ഭരണപരമായ കാര്യങ്ങളിലും ഓരോ നിയമത്തിനും അതിന്റേതായ സങ്കീർണ്ണതകളുണ്ടായിരുന്നു. ഈ വൈരുധ്യങ്ങൾ സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന സംഘടനകൾക്ക് വലിയ ആശയക്കുഴപ്പങ്ങളാണ് സൃഷ്ടിച്ചത്. നിലവിലെ നിയമങ്ങളിലെ ഭരണപരമായ ദൗർബല്യങ്ങൾ എത്രത്തോളം രൂക്ഷമായിരുന്നു എന്നതിന്റെ ഒരു തെളിവാണ് 1955-ലെ

നിയമപ്രകാരമുള്ള സംഘങ്ങൾക്ക് വാർഷിക റിട്ടേണുകൾ കൃത്യസമയത്ത് സമർപ്പിക്കാൻ സാധിക്കാത്തതുകാരണം പിഴയടച്ച് ക്രമപ്പെടുത്തുന്നതിനായി സർക്കാർ വൺടൈം സെറ്റിൽമെന്റ് സ്കീം 2025 മാർച്ച് 31-വരെ നീട്ടിനൽകിയത്. ഇത് നിലവിലുള്ള നിയമങ്ങൾ ആധുനിക കാലഘട്ടത്തിന് അനുയോജ്യമല്ലെന്നും കാര്യക്ഷമമല്ലാത്തതുമാണെന്ന് വ്യക്തമാക്കുന്നു. ഈ അവസ്ഥയ്ക്ക് ഒരു ശാശ്വത പരിഹാരം കാണേണ്ടത് അനിവാര്യമാണ്. പുതിയ ബിൽ പഴയ നിയമങ്ങളിലെ അപാകതകൾ പരിഹരിക്കുക മാത്രമല്ല, നമ്മുടെ നാടിന്റെ ഇന്നത്തെ ആവശ്യങ്ങൾക്കനുസരിച്ച് ഒരു പുതിയ നിയമപരമായ ചട്ടക്കൂട് നിർമ്മിക്കുകകൂടിയാണ് ചെയ്യുന്നത്. ഇത് സംഘങ്ങളുടെ പ്രവർത്തനങ്ങളെ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നു. പുതിയ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ കേരളം മുഴുവൻ ഒരു ഏകീകൃത നിയമത്തിനുകീഴിലാകും. ഇത് നിയമപരമായ അവ്യക്തതകൾ ഒഴിവാക്കുകയും സംഘങ്ങളുടെ രൂപീകരണവും പ്രവർത്തനവും എളുപ്പമാക്കുകയും ചെയ്യും. കേരള ക്രിക്കറ്റ് അസോസിയേഷൻ പോലുള്ള വലിയ സംഘടനകൾ മുതൽ ഗ്രാമീണ വായനശാലകൾവരെ എല്ലാത്തരം സൊസൈറ്റികളും ഒരു നിയമത്തിന്റെ കീഴിൽവരും. നിലവിൽ രജിസ്റ്റർ

ചെയ്ത എല്ലാ സംഘങ്ങൾക്കും രജിസ്ട്രേഷൻ പുതുക്കുമ്പോൾ ഈ പുതിയ ഏകീകൃത നിയമം ബാധകമാകും. ഇത് നിയമപരമായ നടപടിക്രമങ്ങളിൽ സ്ഥിരത ഉറപ്പാക്കുകയും സംഘടനകൾക്ക് നിയമപരമായ സാധുത വർധിപ്പിക്കുകയും ചെയ്യും. നിലവിലെ നിയമങ്ങളിലെ കടലാസ് അധിഷ്ഠിതമായ സങ്കീർണ്ണ നടപടിക്രമങ്ങൾ കാലതാമസത്തിനും ഭരണപരമായ വീഴ്ചകൾക്കും കാരണമാകുന്നു. എന്നാൽ പുതിയ ബിൽ, ഓൺലൈൻ രജിസ്ട്രേഷൻ, ഡിജിറ്റൽ രേഖകളുടെ പരിപാലനം, കടലാസ്‌രഹിത ഇടപാടുകൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു പൗരസൗഹൃദ സംവിധാനം വിഭാവനം ചെയ്യുന്നുണ്ട്. ഇത് ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി കുറയ്ക്കാനും സഹായിക്കും. ഡിജിറ്റൽ സംവിധാനംവഴി രേഖകൾ കൃത്യസമയത്ത് സമർപ്പിക്കാനും അവയുടെ നിയമപരമായ സാധുത ഉറപ്പാക്കാനും സാധിക്കും. കൂടാതെ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിലൂടെ അതിനൊരു നിയമപരമായ അസ്ഥിത്വം ലഭിക്കുന്നു. ഇത് ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിനും സ്വത്തുക്കൾ സമ്പാദിക്കുന്നതിനും നിയമപരമായ കേസുകളിൽ കക്ഷിചേരുന്നതിനും അനിവാര്യമാണ്. പുതിയ ബിൽ ഈ പ്രക്രിയകളെ കൂടുതൽ വ്യക്തവും ലളിതവുമാക്കുന്നു. അതുവഴി

എല്ലാത്തരം സംഘടനകൾക്കും നിയമപരമായ അംഗീകാരം എളുപ്പത്തിൽ നേടാൻ സാധിക്കും. ഈ ബിൽ കേരളത്തിലെ നിയമ വ്യവസ്ഥയെ കാലോചിതമായി പരിഷ്കരിക്കുമെന്നുള്ള സർക്കാരിന്റെ ദീർഘവീക്ഷണത്തിന്റെ പ്രതിഫലനമാണ്. രാജ്യത്ത് നിയമങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ രജിസ്ട്രേഷൻ ബിൽ 2025 പോലുള്ള നിയമങ്ങൾ അവതരിപ്പിക്കുമ്പോൾ കേരളം സ്വന്തം ആവശ്യങ്ങൾക്കനുസരിച്ച് നിയമങ്ങൾ പരിഷ്കരിക്കുന്നതിലൂടെ ഒരു മാതൃകതന്നെ സൃഷ്ടിക്കുകയാണ്. നിയമപരമായ അവ്യക്തതകൾ ഒഴിവാക്കി പൗരൻമാരെയും സംഘടനകളെയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നൊരു ഭരണസംവിധാനം കെട്ടിപ്പടുക്കാൻ ഈ ബിൽ സഹായിക്കും. ഇത് സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും സേവനം ലഭ്യമാക്കുന്നൊരു ജനകീയ സർക്കാരിന്റെ ലക്ഷ്യങ്ങളുമായി ചേർന്ന് നിൽക്കുന്നു. ഈ ബിൽ കേരളത്തിലെ കലാ-സാംസ്കാരിക-ശാസ്ത്ര-ജീവകാരുണ്യ സംഘടനകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ വഴി തുറക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. നിയമപരമായ അവ്യക്തതകൾ ഒഴിവാക്കി സുതാര്യവും കാര്യക്ഷമവുമായ ഒരു പുതിയ യുഗത്തിലേക്ക് നമ്മുടെ സംഘങ്ങളെ ഈ

ബിൽ നയിക്കും. ഈ ചരിത്രപരമായ ബില്ലിന് ഐകകണ്ഠ്യേനയുള്ള പിന്തുണ ഇവിടെ ലഭ്യമാകുമെന്ന് ഞാൻ കരുതുകയാണ്. സഭയിലെ എല്ലാ ബഹുമാന്യരായ അംഗങ്ങളോടും ഐകകണ്ഠമായ പിന്തുണ ഈ ബില്ലിന് നൽകണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ഇത് കേവലമൊരു നിയമമല്ല മറിച്ച് നമ്മുടെ നാടിന്റെ ഭാവിയുടെ പുരോഗതിയിലേക്കുള്ളൊരു നിക്ഷേപമാണ്.

കഴിഞ്ഞ ഒൻപതര വർഷങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനം നേടിയെടുത്ത മഹത്തായ നേട്ടങ്ങൾ ഒട്ടനവധിയാണ്. ഇതൊരു സർക്കാരിന്റെ മാത്രം നേട്ടമല്ല, മറിച്ച് ഈ നാടിന്റെതന്നെ നേട്ടമാണ്. കോവിഡിന്റെയും രണ്ട് പ്രളയങ്ങളുടെയും ദുരന്തങ്ങളെ ധീരമായി അതിജീവിച്ചാണ് ഈ നേട്ടങ്ങളെല്ലാം നമ്മൾ സ്വന്തമാക്കിയത്. സംരംഭക വർഷത്തിന്റെ ഭാഗമായി 353133 എം.എസ്.എം.ഇ.-കൾ ആരംഭിക്കാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചു. ഇതുവഴി 22688 കോടി രൂപയുടെ നിക്ഷേപവും 749712 തൊഴിലവസരങ്ങളും ഉണ്ടാക്കാനായി സാധിച്ചുവെന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ച് ശ്രദ്ധേയമാണ്. സംരംഭകവർഷത്തെ എം.എസ്.എം.ഇ. മേഖലയിലെ ഏറ്റവും മികച്ച

മോഡലായി പ്രധാനമന്ത്രിയുടെ ചെയർമാൻഷിപ്പിൽ നടന്ന യോഗം നമ്മുടെ സംസ്ഥാനത്തെ തിരഞ്ഞെടുത്തു. അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന്റെ അവാർഡും ലഭിച്ചു. ഐ.കെ.ജി.എസ്. വഴി 1.96 ലക്ഷം കോടി രൂപയുടെ നിക്ഷേപവാഗ്ദാനം ലഭിച്ചു. 33057 കോടിയുടെ 117 പദ്ധതികളുടെ നിർമ്മാണപ്രവർത്തനവും നമുക്ക് ആരംഭിക്കാൻ സാധിച്ചു. സ്ഥലലഭ്യതക്കുറവുള്ള കേരളത്തിൽ സ്വകാര്യ മേഖലയിൽ വ്യാവസായിക പാർക്ക് തുടങ്ങാനുള്ള പദ്ധതി ആരംഭിച്ചു. ഇതുവഴി 35 പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് സംസ്ഥാനത്ത് അനുമതി നൽകി. ഇതേ രീതിയിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കും ഉടൻ ആരംഭിക്കുകയാണ്. കേരളം ചരിത്രത്തിൽ ആദ്യമായി ഈസ് ഓഫ് ഡൂയിങ് റാങ്കിങ്ങിൽ ഇന്ത്യയിൽ ഒന്നാമതായി. നമ്മുടെ സംസ്ഥാനത്ത് പുതിയ നിയമനിർമ്മാണങ്ങളിലൂടെ നാം കൈവരിച്ച മഹത്തായ നേട്ടങ്ങളെപ്പറ്റി സൂചിപ്പിക്കുന്നതിനാണ് ഞാനിത് പറയുന്നത്.

സാമ്പത്തികമായി കേരളം തകർന്നുവെന്ന വ്യാജപ്രചാരണങ്ങളെ നമുക്ക് അതിജീവിക്കാൻ സാധിച്ചു. 2011-16-ൽ ജി.എസ്.ഡി.പി. വളർച്ച 11.6 ശതമാനമായി കുറഞ്ഞപ്പോൾ കടത്തിന്റെ വളർച്ച 14.9 ശതമാനമായി

കുതിച്ചു. 2021-25 കാലഘട്ടത്തിൽ വളർച്ചാനിരക്ക് ശരാശരി 13.5 ശതമാനമായി ഉയർന്നപ്പോൾ കടത്തിന്റെ വളർച്ചാനിരക്ക് ശരാശരി 9.8 ശതമാനം മാത്രമാണ്. ഇത് തനത് വരുമാനം വർധിപ്പിച്ചും ചെലവുകൾ ക്രമീകരിച്ചും ഗവൺമെന്റ് നടത്തിയ ധനകാര്യപരമായ കാര്യക്ഷമതയുടെ ഫലമാണ്. സാമൂഹിക ക്ഷേമത്തിലും നമ്മുടെ ഗവൺമെന്റ് ഒരുപടി മുന്നിലാണ്. ഭവനരഹിതരായ പാവപ്പെട്ടവർക്ക് തലചായ്ക്കാൻ ഒരിടമൊരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ലൈഫ് മിഷൻ വഴി 457055 വീടുകൾ പൂർത്തീകരിച്ചു നൽകി. ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ 101 ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നമ്മൾ മുന്നോട്ട് പോകുകയാണ്. പുനർഗേഹം പദ്ധതി വഴി 2878 കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമി കണ്ടെത്തി വീട് നിർമ്മിച്ച് നൽകാൻ നമുക്ക് സാധിച്ചു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നമ്മുടെ പൊതുവിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തി. തുല്യതയും ഗുണമേന്മയും ഉറപ്പാക്കി വിദ്യാഭ്യാസ മേഖലയിൽ രണ്ടാം തലമുറ പ്രശ്നങ്ങളെ നേരിടുകയാണ് നമ്മുടെ സർക്കാർ. ആരോഗ്യരംഗത്ത് കേരളം നേടിയ നേട്ടങ്ങൾ വികസിത രാജ്യങ്ങളുടേതിന് സമാനമാണ്. സാന്ത്വന

പരിചരണത്തിൽ കേരളമൊരു മാതൃകയാണെന്ന് ലോകാരോഗ്യസംഘടനതന്നെ നിരീക്ഷിക്കുകയുണ്ടായി. സംസ്ഥാനത്തെ ശിശുമരണനിരക്ക് അമേരിക്കയിലേതിനേക്കാൾ കുറവാണ്. സംസ്ഥാനത്തെ ശിശുമരണനിരക്ക് 1000-ൽ 5 ആയി കുറഞ്ഞു. അമേരിക്കയിലിത് 5.7 ആണ്. ഈ നേട്ടങ്ങളെല്ലാം സാധാരണക്കാരുടെ ജീവിതത്തെ മെച്ചപ്പെടുത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്നതിന് തെളിവാണ്.

വർത്തമാനകാലത്തെ നേട്ടങ്ങൾ ചർച്ച ചെയ്യുമ്പോൾ ഭൂതകാലത്തെ കെടുകാര്യസ്ഥതകളെയും അഴിമതിയെയും നമ്മൾ ഓർക്കേണ്ടതുണ്ട്. അതിനെക്കുറിച്ച് വിശദമായി സംസാരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു ഗവൺമെന്റിന് തുടർഭരണം ലഭിച്ചത് ജനങ്ങൾക്ക് ഈ സർക്കാരിൽ വിശ്വാസം വർധിച്ചതിന്റെ ഫലമായാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തനത് വരുമാന വളർച്ച വെറും 10 ശതമാനം ആയിരുന്നപ്പോൾ കോവിഡും പ്രളയവും അതിജീവിച്ച ശേഷം പോലും 2021-23 കാലഘട്ടത്തിൽ ഈ ഗവൺമെന്റ് തനത് വരുമാന വളർച്ച 23 ശതമാനമായി ഉയർത്തി. ഇത് സർക്കാരിന്റെ ധനകാര്യ

മാനേജ്മെന്റിലുള്ള മികവാണ് വ്യക്തമാക്കുന്നത്. ഭരണതുടർച്ചയെന്നത് ജനങ്ങളുടെ അംഗീകാരമാണ്. ഭരണത്തിൽ തുടരുന്നവർക്ക് കൂടുതൽ ഉത്തരവാദിത്തവും ഈ ഭരണതുടർച്ച നൽകുന്നുണ്ട്. ഇടതുപക്ഷജനാധിപത്യ മുന്നണിയെ സംബന്ധിച്ച് ആരോഗ്യകരമായ വിമർശനങ്ങളെയും സംവാദങ്ങളെയും നമ്മൾ സ്വാഗതം ചെയ്യുന്നു. പ്രതിപക്ഷം കേരളത്തിന്റെ വികസനത്തിന് തടസ്സമിടുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. കെ-റെയിൽ പോലെയുള്ള വലിയ പദ്ധതികളെ എതിർത്തുകൊണ്ട് അവർ കേരളത്തിന്റെ ഭാവി വികസനത്തെയാണ് തടസ്സപ്പെടുത്തിയത്. കെ-റെയിലിന്റെ അടയാളകല്ലുകളെപ്പോലും പിഴുതെറിഞ്ഞു. "ആർക്കാണ് ഇത്ര ധൃതി" എന്നാണ് ചോദിക്കുന്നത്. ധൃതിയില്ലാത്ത നിങ്ങളെല്ലാവരും റെയിൽവേ യാത്ര ചെയ്യുന്നത് നിയമസഭാ സാമാജികർക്കുള്ള എമർജൻസി ക്വാട്ട എന്ന പ്രിവിലേജ് ഉപയോഗിച്ചല്ലേ? നിങ്ങൾക്ക് ധൃതിയില്ലെങ്കിൽ ആ പ്രിവിലേജ് വേണ്ടെന്ന് വയ്ക്കണം. സാധാരണക്കാരെപ്പോലെ ടിക്കറ്റെടുത്ത് യാത്രചെയ്യണം. അപ്പോൾ മനസ്സിലാകും സമയത്തിന്റെ വിലയും യാത്ര അനിശ്ചിതത്വത്തിലായി വെയിറ്റിംങ് ലിസ്റ്റിൽ കിടക്കുന്നതിന്റെ സുഖവും. വിഴിഞ്ഞം

തുറമുഖത്തിനെതിരായ സമരത്തിൽ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കാൻ ശ്രമിക്കുന്നതിന് പകരം അവരെ തെറ്റിദ്ധരിപ്പിച്ച് പദ്ധതിയെ എതിർക്കുന്ന നിലപാടാണ് നമ്മുടെ സംസ്ഥാനത്തെ പ്രതിപക്ഷം സ്വീകരിച്ചത്. ഇവർ എതിർത്ത ദേശീയപാതാ വികസനവും ഗെയിൽ പദ്ധതിയും ഇടമൺ-കൊച്ചി പവർ ഹൈവേയും വിഴിഞ്ഞം തുറമുഖവും ഈ ഗവൺമെന്റ് നടപ്പിലാക്കി. പ്രതിപക്ഷ നേതാവ് എതിർക്കുമെന്ന് പറഞ്ഞ വയനാട് തുരങ്ക പാതയുടെ നിർമ്മാണം ആരംഭിച്ചു. നിങ്ങളെതിർത്ത കെ-റെയിലും ഈ സംസ്ഥാനത്ത് ഈ ഗവൺമെന്റ് നടപ്പിലാക്കുകതന്നെ ചെയ്യും. വികസനപ്രവർത്തനങ്ങളിലെ ട്രാക്ക് റെക്കാർഡ്, സാമൂഹികക്ഷേമരംഗത്തെ പ്രതിബന്ധത, അഴിമതിരഹിത ഭരണം, പ്രതിസന്ധി ഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കാനുള്ള ആർജ്ജവം എന്നിവയെല്ലാം ഇടതുപക്ഷത്തെ കേരളത്തിന് കൂടുതൽ പ്രിയങ്കരമാക്കുകയാണ്. കഴിഞ്ഞ ഒൻപതര വർഷത്തെ ഭരണം ഈ സർക്കാരിന് ജനങ്ങളോടുള്ള പ്രതിബദ്ധത എത്രത്തോളമുണ്ടെന്ന് തെളിയിച്ചു. പ്രതിപക്ഷത്തിന്റെ കെടുകാര്യസ്ഥതയും വികസനവിരുദ്ധ നിലപാടുകളും കാരണം കേരളത്തിന്റെ ഭാവിക്കായി ഇടതുപക്ഷ ജനാധിപത്യ മുന്നണി

തുടർന്നും അധികാരത്തിൽ തുടരുന്നത് അനിവാര്യമാണെന്ന് തെളിയിക്കുന്ന സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. ജനങ്ങൾക്ക് ഇക്കാര്യം ബോധ്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ലിന് അംഗീകാരം നൽകാൻ ഈ സഭയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 2025-ലെ കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ കാലോചിതമായൊരു ബില്ലിന്റെ ഏകോപനമാണ് ഈ സഭയുടെ ശ്രദ്ധയിൽ വന്നിട്ടുള്ളത്. ഇന്ത്യൻ പാർലമെന്റിൽ പല ബില്ലുകളും അവതരിപ്പിക്കുകയും ഭേദഗതി വരുത്തുകയും ചെയ്യാറുണ്ട്. എന്നാൽ ജനാധിപത്യത്തെയും മതേതരത്വത്തെയും വെല്ലുവിളിക്കുന്നതിനും ജനവിരുദ്ധ സ്വഭാവം പ്രകടിപ്പിക്കുന്നതിനും വേണ്ടിയുള്ള ബില്ലുകളാണവിടെ ഭേദഗതി വരുത്തുകയും പാസ്സാക്കുകയും ചെയ്തത്. ഇതിൽ നിന്നും തീർത്തും വ്യത്യസ്തമായി രാഷ്ട്രീയ-സാമൂഹിക പ്രബുദ്ധതയുള്ള നമ്മുടെ കേരളത്തിലെ നിയമസഭയിൽ ജനക്ഷേമത്തെ മുൻനിർത്തിക്കൊണ്ടുള്ള നിയമനിർമ്മാണവും

നിയമഭേദഗതിക്കുമാണ് എപ്പോഴും നേതൃത്വം കൊടുത്തിട്ടുള്ളത്. 2025-ലെ നവകേരളത്തെക്കുറിച്ച് സ്വപ്നം കാണുന്ന അഥവാ വൈജ്ഞാനിക സമൂഹത്തിലേക്ക് നടന്നുനീങ്ങുന്ന വർത്തമാനകാല കേരളത്തിൽ മനുഷ്യ നന്മയെയും സാമൂഹിക പുരോഗതിയെയും മുൻനിർത്തി ആധുനിക ശാസ്ത്രസാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തുന്ന വളരെ ശക്തവും ശ്രദ്ധേയമായിട്ടുള്ള ഇടപെടലാണ് രജിസ്ട്രേഷൻ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. വിവരസാങ്കേതിക വിദ്യയുടെ നേട്ടങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി വകുപ്പിനെ ആധുനികവത്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. ബ്രിട്ടീഷ് ഭരണകാലത്ത് നിലവിൽ വന്ന ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും സൊസൈറ്റി രജിസ്റ്റർ ചെയ്യുന്നതും അതിന്റെ ഭരണം നടത്തുന്നതും. നമുക്കെല്ലാപേർക്കും അറിയാം, വിദ്യാഭ്യാസ രംഗത്തുൾപ്പെടെ വ്യക്തമായ കാഴ്ചപ്പാട് ബ്രിട്ടീഷുകാർക്ക് ബ്രിട്ടീഷ് ഇന്ത്യയിൽ ഉണ്ടായിരുന്നു. Indians in colour and blood but British in taste and manner എന്നതായിരുന്നു. ബ്രിട്ടീഷുകാരുടെ താത്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ആയിരുന്നു എല്ലാ ഇടപെടലുകളും നടത്തിയത്. അത്തരം ജനവിരുദ്ധമായ

സമീപനങ്ങൾക്കെതിരെ ജനങ്ങൾ അണിനിരക്കുന്ന ഘട്ടത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കാനും അവരിൽ അസഹിഷ്ണുത വളർത്താനുമുള്ള വലിയ ശ്രമങ്ങളാണ് നടത്തിയത്. അത്തരത്തിലാണ് ഡിവൈഡ് ആന്റ് റൂൾ എന്ന നയം അവർ സ്വീകരിച്ചത്. വർത്തമാന ഇന്ത്യയിലിന്ന് വിദ്യാഭ്യാസ രംഗത്തും സാംസ്കാരിക രംഗത്തുമെല്ലാം അസഹിഷ്ണുതയും മതനിരപേക്ഷതയെ വെല്ലുവിളിക്കുന്നതും ഭിന്നിപ്പിക്കുന്നതുമായ വളരെ അപകടകരമായ നീക്കങ്ങളുമായാണ് മുന്നോട്ട് പോകുന്നത്. ഇത്തരമൊരു ഘട്ടത്തിൽ സാംസ്കാരിക രംഗത്തും വിദ്യാഭ്യാസരംഗത്തും ഫലപ്രദവും കാര്യക്ഷമവുമായ ഇടപെടലുകൾ നടത്തണമെങ്കിൽ സംഘങ്ങളുടെ രൂപീകരണം അനിവാര്യമാണ്. വർത്തമാനകാല യുവത്വത്തിന്റെ അഭിരുചിയും മനോഭാവും സ്വഭാവവുമെല്ലാം അനുദിനം മാറിക്കൊണ്ടിരിക്കുകയാണ്. അരാജകത്വത്തിലേക്കും അരാഷ്ട്രീയ പ്രവണതകളിലേക്കും ക്രിമിനൽവത്ക്കരണത്തിലേക്കും യുവജനസമൂഹം വഴിതെറ്റി പോകുകയാണ്. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയ്ക്ക് അടിമപ്പെടുന്ന വർത്തമാനകാല യുവത്വം അവരുടെ സർഗ്ഗശേഷിയും കർമ്മശേഷിയും എല്ലാം കുത്തിച്ചോർത്തി കളയുകയാണ്. ഇക്കാലത്ത് യുവാക്കളെ

ലക്ഷ്യബോധത്തോടെ സാംസ്കാരിക അവബോധം വളർത്തിയെടുത്ത് മുന്നോട്ട് നയിക്കാൻ നിഷ്കളങ്കമായ ഗ്രാമഹൃദയങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം വളരെ അനിവാര്യമാണ്. അത്തരം സംഘങ്ങൾ രൂപീകരിക്കുമ്പോൾ യഥാസമയം അവയ്ക്ക് രജിസ്ട്രേഷൻ ഉറപ്പുവരുത്താനായി എല്ലാ സാങ്കേതിക കുരുക്കുകളും ഒഴിവാക്കപ്പെടേണ്ടതുണ്ട്. അത്തരം സാങ്കേതിക കുരുക്കുകൾ ഒഴിവാക്കപ്പെടാൻ സഹായകമായിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഏകോപനമാണ് ഈ ബില്ലിന്റെ കാര്യത്തിലിവിടെ ഉണ്ടായിരിക്കുന്നത്.

വർത്തമാനകാല ഇന്ത്യയിൽ ഫെഡറൽ തത്വങ്ങളുടെ ലംഘനമാണ് നടക്കുന്നത്. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുകയാണ്. സ്റ്റേറ്റ് ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ്, കേന്ദ്ര ലിസ്റ്റ് ഇവയെല്ലാം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് ഓരോ മേഖലയിലും മേൽക്കൈ നേടാനാണ്......

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... താങ്കളുടെ പ്രസംഗം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുശേഷം വീണ്ടും തുടരാം.